**No.CEE/2242/2017/NPMDC-2017/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

**വിജ്ഞാപനം**

# 2017-ലെ ബി.എസ്.സി.നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്.

2017-ലെ **ബി.എസ്.സി നഴ്സിംഗ്** കോഴ്സിലേയ്ക്കും, **ബി.എസ്.സി. (എം.എൽ.ടി), ബി.എസ്.സി.പെർഫ്യൂഷൻ ടെക്നോളജി, ബി.എസ്.സി. ഒപ്ടോമെട്രി, ബി.പി.ടി., ബി.സി.വി.റ്റി, ബി.എ.എസ്.എൽ.പി, ബി.എസ്.സി എം.ആർ.റ്റി, ബി.എസ്.സി മെഡിക്കൽ മൈക്രോബയോളജി, ബി.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി** എന്നീ പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുമുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **11.09.2017 (തിങ്കളാഴ്ച)** ആരംഭിക്കുന്നതാണ്. **ഇത് സ്വാശ്രയ നഴ്സിംഗ്, പാരാമെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അവസാന ഘട്ട അലോട്ട്മെന്റായിരിക്കും.**

ബി.എസ്.സി നഴ്സിംഗ്, പാരാമെഡിക്കൽ ഡിഗ്രി കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാമത്തെ അലോട്ട്മെന്റിലേക്ക് പരിഗണിക്കാൻ ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് നിലവിലുള്ള ഹയർ ഓപ്ഷനുകളുടെ പുന:ക്രമീകരണം, ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **11.09.2017** മുതൽ **13.09.2017** ഉച്ചയ്ക്ക് **1** മണി വരെ ലഭ്യമാകുന്നതാണ്.

നിശ്ചിത സമയത്തിനകം മേൽ പറഞ്ഞ വെബ്സൈറ്റിലൂടെ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ഈ അലോട്ട്മെന്റിനായി പരിഗണിക്കുകയില്ല. കൂടാതെ ഇവരുടെ നിലവിലുള്ള എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. എന്നാൽ രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രകാരം ഏതെങ്കിലും കോഴ്സുകളിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും കോളേജുകളിൽ പ്രവേശനം നേടുകയും ചെയ്തവരുടെ അലോട്ട്മെന്റ് നിലനിർത്തുന്നതായിരിക്കും. രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചവരും ആദ്യ രണ്ട് ഘട്ടങ്ങളിലും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.

**മൂന്നാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ:**

| | |
|---|---|
| **11.09.2017** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| **13.09.2017, 1 PM** | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **14.09.2017** | **മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **14.09.2017 &15.09.2017** | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണുന്ന ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലൊന്നിലോ, ഓൺലൈനായോ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്.<br>നിശ്ചിത സമയത്തിനുള്ളിൽ ഫീസ് അടയ്ക്കാത്തതും അലോട്ട് ചെയ്യപ്പെട്ട കോഴ്സ്/കോളേജ് പ്രവേശനം നേടാത്തതുമായ വിദ്യാർത്ഥികൾക്ക് അവരുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. |
| **15.09.2017, 5.30 pm** | ബി.എസ്.സി നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥിക ളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന സമർപ്പിക്കണം. |

ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള 'ഫെസിലിറ്റേഷൻ സെന്ററുകൾ' (FC) സംസ്ഥനത്തൊട്ടാകെ ഈ കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇത്തരം ഫെസിലിറ്റേഷൻ സെന്ററുകളുടെ ലിസ്റ്റ് **www.cee.kerala.gov.in, www.cee-kerala.org** എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ അഫിലിയേഷൻ ലഭിച്ച താഴെപ്പറയുന്ന പാരമെഡിക്കൽ കോളേജുകളിലേയ്ക്ക്/കോഴ്സുകളിലേക്ക് ഈ ഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്. എന്നാൽ ആവശ്യമായ സർക്കാർ ഉത്തരവുകൾ ലഭ്യമായാൽ മാത്രമേ ഈ കോളേജുകളിലേയ്ക്ക്/കോഴ്സുകളിലേക്ക് അലോട്ട്മെന്റ് നടത്തുകയുള്ളൂ.

| SL.No. | College Code | Name of College | Course |
|---|---|---|---|
| 1 | AIP | Sri Anjaneya College of Paramedical Sciences Ulliyeri, Kozhikkode | B.Sc Optometry |
| 2 | KAP | Institute of Paramedical Sciences, Kannur Medical College, Anjarakandy, Kannur | B.Sc.MLT |
| 3 | COP | Co-operative Institute of Health Sciences, Kerala Co-operative Hospital Federation Ltd, Nettoor, Thalassery, Kannur. | B.Sc MLT |
| 4 | MLS | Moulana College of Paramedical Sciences, AngadippuramP.O., Perinthalmanna, Malappuram | B.Sc MLT |
| 5 | AMP | Al-Ameen College of Medical Sciences, Edathala North P O, Aluva, Ernakulam | B.Sc MLT |

കുറിപ്പ്: 14.09.2017–ന് പ്രസിദ്ധീകരിക്കുന്ന മൂന്നാം ഘട്ട അലോട്ട്മെന്റ് സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റായിരിക്കും. ആയതിനാൽ മൂന്നാം ഘട്ടത്തിൽ സ്വാശ്രയ നഴ്സിംഗ്/പാരാമെഡിക്കൽ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ **2017 സെപ്റ്റംബർ 15–ാം** തീയതി വൈകുന്നേരം **5** മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കേണ്ടതും. പ്രസ്തുത കോളേജിൽ പഠനം തുടരേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 13.(എ) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ ക്ലോസ് 12.7 പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

പ്രത്യേക ശ്രദ്ധയ്ക്ക്:

1. **നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.**
2. **അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുമെന്നും പഠനം തുടരുമെന്നും ഉറപ്പുള്ള സ്വാശ്രയ കോളേജുകൾ മാത്രം ഹയർ ഓപ്ഷനുകളായി നിലനിർത്തുന്നതിന് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.**

ഹെൽപ്പ് ലൈൻ നമ്പരുകൾ : **0471 2339101, 2339102, 2339103, 2339104**

തിരുവനന്തപുരം
10.09.2017

Santhosh Kumar

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**